ജി2- 856/2016

ഡയറക്ടറേറ്റ് ഓഫ് പ്രിസൺസ്
ആന്റ് കറക്ഷണൽ സർവ്വീസസ്
തിരുവനന്തപുരം
തീയതി : 18-01-2016

**<u>സർക്കുലർ നമ്പർ 09/2016</u>**

വിഷയം :- ജയിലുകൾ- ജയിലിൽ ആളുകൾ പ്രവേശിക്കുന്നത് - സംബന്ധിച്ച്

സൂചന :- ഇല്ല.

12-01-2016 തീയതിയിൽ തിരുവനന്തപുരം അട്ടക്കുളങ്ങര വനിതാ ജയിൽ & കറക്ഷണൽ ഹോമിൽ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് ന്റെയോ ജയിൽ വകുപ്പിലെ മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെയോ അറിവില്ലാതെ ഒരു പരിപാടി ഒരുസന്നദ്ധ സംഘടയുടെ നേതൃത്വത്തിൽ സംഘടപ്പിക്കുകയുണ്ടായി. സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജയിലുകളെ സംബന്ധിച്ച് വളരെ പ്രധാന പ്പെട്ടതായതിനാൽ നിലവിലുള്ള ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി ജയിലുകളിൽ ആളുകളെ പ്രവേശിപ്പിക്കുന്നതും അധികാരപ്പെട്ട ഉദ്യോഗസ്ഥരുടെ അറിവോടെ അല്ലാതെയും പരിപാടികൾ സംഘടിപ്പിക്കുന്നതും ഗുരുതരമായ വീഴ്ചയാണ്. ആയതിനാൽ 2014 ലെ കേരളാ പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും മറ്റ് നിയമങ്ങൾക്കും വിരുദ്ധമായോ വകുപ്പദ്ധ്യക്ഷന്റെയോ മറ്റ് അധികാരപ്പെട്ട ഉദ്യോഗസ്ഥരുടേയൊ അറിവില്ലാതെയും ജയിലുകളിൽ ആളുകളെ പ്രവേശിപ്പിക്കാവുന്നതോ പരിപാടികൾ സംഘടിപ്പിക്കാവുന്നതോ അല്ല. ജയിലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പരിപാടികൾ സംഘടിപ്പിക്കുമ്പോഴോ പുറത്ത് നിന്നുള്ള സന്നദ്ധ സംഘടനകളോ, വ്യക്തികളോ, മന്ത്രിമാരേയോ വിശിഷ്ട വ്യക്തികളേയോ കൊണ്ടുവന്ന് പരിപാടികൾ സംഘടിപ്പിക്കുന്ന അവസരങ്ങളിലോ ടി കാര്യം 15 ദിവസങ്ങൾക്ക് മുമ്പായി ജയിൽ വകുപ്പ് മേധാവിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് അനുവാദം വാങ്ങേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ് ന് വേണ്ടി

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും

പകർപ്പ് :- 1) ഐ.ജി ഓഫ് പ്രിസൺസ്/ ഡി.ഐ.ജി ഓഫ് പ്രിസൺസ്, ഉത്തര മേഖല/ മദ്ധ്യ മേഖല/ ദക്ഷിണ മേഖല /സി.ഡബ്ല്യൂ.ഒ/പി.എ ടു ഡി.ജി.പി സി.എസ് സി. എ ടു. ഡി.ജി.പി & സി.എസ്

2) സൂപ്രണ്ട്, (ജി) സെക്ഷൻ/ഫയൽ /കരുതൽ ഫയൽ

റ്റി.എസ്